# കേരള സർക്കാർ
## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 363

2017 ഏപ്രിൽ 26-ലെ മറുപടിക്ക്

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ**

| ചോദ്യം<br>ശ്രീ. വി. ടി ബൽറാം | ഉത്തരം<br>ഡോ. റ്റി.എം. തോമസ് ഐസക്<br>ബഹു: ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) ഓരോ സർക്കാർ വകുപ്പുകളുടേയും എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | പരിശോധിച്ചിട്ടില്ല. സർക്കാരിന്റെ വിവിധ വകുപ്പുകൾ, സർക്കാരിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, സർക്കാർ സഹായം ലഭിക്കുന്ന ഏജൻസികൾ എന്നിവിടങ്ങളിലെ സാമ്പത്തിക ക്രമക്കേടുകൾ, സർക്കാർ ഉത്തരവുകളുടേയും, ചട്ടങ്ങളുടേയും ലംഘനം, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം എന്നിവ സംബന്ധിച്ച് ലഭിക്കുന്ന പരാതികളെ അടിസ്ഥാനമാക്കിയാണ് ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തി വരുന്നത്.<br>ലഭ്യമായ രേഖകൾ പ്രകാരം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 18 സർക്കാർ ഓഫീസുകളിൽ ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി)ഒരു സാമ്പത്തിക വർഷം എത്ര തുക വാടകയിനത്തിൽ ചെലവിടുന്നുണ്ടെന്ന് വിശദമാക്കുമോ? | സാമ്പത്തിക വർഷം വാടകയിനത്തിൽ ശരാശരി 35.94 കോടി രൂപ ചെലവിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ